[Mr. K. K. Viswanathan]

(ബി) ഇക്കാര്യത്തെ സംബന്ധിച്ച് അന്വേഷണം നടത്താമെന്നും ഗവണ്മെണ്ട് സമ്മതിച്ചിട്ടുണ്ടോ.

(സി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആക്ഷേപത്തെപ്പറ്റി അന്വേഷണം നടത്തി നടപടി എടുത്തുവരുന്നുണ്ട്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഈ കാര്യത്തിൽ ഗവണ്മെണ്ട് എന്തു നടപടിയാണ് എടുത്തിരിക്കുന്നതെന്നു പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പോലീസ്, അന്വേഷണം നടത്തിയ റിപ്പോർട്ടിന്മേൽ എന്തു നടപടിയാണ് എടുക്കേണ്ടതു് എന്നുള്ളതിനെപ്പറ്റിയും മറ്റും ഗവർമ്മെണ്ട് Advocate-ം ആയി ആലോചിച്ചുവരികയാണ്.

മിസ്റ്റർ പി. കെ. ഡീവർ: ഈ സംഭവം ഉണ്ടായിട്ട് എത്ര കാലമായി എന്നു പറയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സംഭവം ഉണ്ടായിട്ടുള്ളതു് ചിങ്ങമാസത്തിലാണ്.

മിസ്റ്റർ വി. കെ. ജോസഫ്; ഇത്രയും കാലമായിട്ട് ഇക്കാര്യത്തിലുള്ള അന്വേഷണം പൂർത്തിയായിട്ടില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇതു ഒരു നിയമവാദമായിട്ടുള്ള കാര്യമായതുകൊണ്ടും ഗവണ്മെണ്ട് നേരിട്ട് നടത്തേണ്ടുന്ന ഒരു കേസ്സ് ആയതുകൊണ്ടും അതിനെപ്പറ്റി ശരിയായി അന്വേഷിക്കാതെ നിവർത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെ സംബന്ധിച്ചു പോലീസ്സിന്റെ അന്വേഷണം കഴിഞ്ഞുപൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഉവ്വ്.

മിസ്റ്റർ ഇട്ടൂര അബൂക്കൻ: ദേശിയ പതാക ഉപയോഗിക്കുന്നതിനു ചില നിബന്ധനകൾ എല്ലാം ഇല്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; ഉണ്ട്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ദേശിയപതാകയും, യൂണിയൻ പതാകയും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു രണ്ടും രണ്ടുതരത്തിലാണ്.

മിസ്റ്റർ സി. വി. ഇയ്യു; രാഷ്ട്രീയ പതാകയേയൊ, യൂണിയൻ പതാകയേയൊ അവഹേളിച്ചതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: യൂണിയൻ flag നും ദേശിയ flag-നും ഒരേ പദം തന്നെ ഉപയോഗിക്കുവാണ്.

HARIJAN HOSTEL, TRICHUR—PARTICULARS OF

124. (279) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ ഹരിജൻ ഹോസ്റ്റൽ നിവർത്തൽ ചെയ്യാൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് അതിനു കാരണം;

(സി) അവിടെ ബോർഡർമാരായി ഇപ്പോൾ എത്രപേർ ഉണ്ട്;

(ഡി) ബോർഡർമാരായി ചേരാൻ കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിൽ എത്ര പേർ അപേക്ഷിച്ചിരുന്നു;

(ഇ) അവരിൽ എത്ര പേർക്കു ഹോസ്റ്റലിൽ പ്രവേശനം കൊടുത്തു;

(എഫ്) ഹോസ്റ്റൽ നിവർത്തൽ ചെയ്യാനുള്ള കല്പന ഉണ്ടായിട്ടുണ്ടൊ; ഉണ്ടെങ്കിൽ എന്നു തിയ്യതിയിൽ;

(ജി) പിന്നീട് stay ചെയ്യുകൊണ്ടുള്ള കല്പന ഉണ്ടായിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അതിനുള്ള കാരണം പറയാമോ;

(ഐ) പ്രസ്തുത സ്ഥാപനം തുടർന്നുപോകുന്നതിനു് എന്താണ് തടസ്ഥം?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഈ കാര്യം ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

(ബി) ചിലവിന്നനുസരിച്ചു ഫലമില്ലാത്തതുകൊണ്ടും സാമ്പത്തികപരിഗണനകളും.

(സി) ഏഴുപേർ.

(ഡി) പതിനാലുപേർ.

(ഇ) എട്ടുപേക്ക്.

(എഫ്) ഉണ്ട്. ഫ്രം ദ വൃ സെപ്റ്റമ്പർ ഫോർ-ാംനു.

(ജി) നിവൃത്തൽ ചെയ്യുവാനുള്ള ഉദ്ദേശം തല്ക്കാലം നിവൃത്തിവെച്ചിരിക്കുകയാണു്.

(എച്ച്) സ്ഥലം വഷ്ത്തിന്റെ മദ്ധ്യമായതുകൊണ്ടു കുട്ടികളുടെ പഠനത്തിനു വിഘാതമുണ്ടാകുമെന്നും ശങ്കിച്ചു്.

(ഐ) തടസ്ഥമൊന്നുമില്ല. പക്ഷെ സാമ്പത്തിക പരിഗണനകളാലാണു് ഈ കാര്യം ആലോചനാവിഷയമായതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: തൃശ്ശിവപേരൂർ ഹരിജൻ ഹോസ്റ്റലിൽ ഫ്രം പേർ അപേക്ഷിച്ചിട്ടു് വൃ പേക്ക മാത്രം Admission കൊടുക്കുകയും, മറ്റുള്ളവക്കു് Admission കൊടുക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിനെ സംബന്ധിച്ചുള്ള Rule ൽ എതെങ്കിലും വിദ്യാർത്ഥിയുടെ വീടു് നു മൈലിനു കുറവായിരുന്നാൽ ഹോസ്റ്റലിൽ ചേക്കുക പതിവില്ല. അതുകൊണ്ടാണു് ഒ പേരെ ചേക്കാതിരുന്നതു്.

മിസ്റ്റർ വി. കെ. ജോസഫ്: ഈ ഹരിജൻ ഹോസ്റ്റൽ നിത്തലാക്കി, അതിലുള്ള വിദ്യാർത്ഥികളെയെല്ലാം കോസ്മോ പൊളിറ്റൻ ഹോസ്റ്റലിൽ ആക്കുകയല്ലെ നല്ലതു്.?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ചെയ്യുന്നതുകൊണ്ടും വിരോധമില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഹോസ്റ്റൽ നടത്തുന്നതിനു് ഇത്ര കുട്ടികൾ വേണമെന്നുള്ള നിർബ്ബന്ധമില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അത്ര നിർബ്ബന്ധമൊന്നും ഇല്ല. അവരുടെ സൌകര്യങ്ങൾക്കു കോട്ടം തട്ടാത്തവിധത്തിൽ ഹോസ്റ്റൽ നടത്തി കൊണ്ടുപോകണമെന്നു ഉദ്ദേശമുള്ളു.

മിസ്റ്റർ കെ. കെ. കണ്ണൻ; വിദ്യാർത്ഥികളുടെ സൌകര്യത്തിനാണു് ഹോസ്റ്റൽ നടത്തിക്കൊണ്ടുപോകുന്നതെന്നു പറയുകയുണ്ടായി. അങ്ങിനെയാണെന്നുണ്ടെങ്കിൽ ഈ ഒ വിദ്യാർത്ഥികളെയും പ്രത്യേക റൂളിൽനിന്നു ഒഴിവാക്കി ഹോസ്റ്റലിൽ Admitചെയ്യുവാൻ വിരോധം ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടിന്റെ ഉദ്ദേശം ഹരിജൻ ഹോസ്റ്റൽ നടത്തുന്നതുകൊണ്ടു് അകലെ നിന്നു വരുന്ന അധഃകൃത വിദ്യർത്ഥികൾക്കു് ഹോസ്റ്റലിൽ സൌകര്യം ഉണ്ടാക്കി കൊടുക്കണമെന്നുള്ളതാണു്. അതു ചുരുങ്ങിയ ചിലവിൽ നടത്തണമെന്നും ഉദ്ദേശമുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ ഹോസ്റ്റൽ നടത്തുന്നതു കൊണ്ടു് എന്തു ചിലവു വരുന്നുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ ഹോസ്റ്റൽ കെട്ടിടത്തിനു് വാടക ഫാറുകണക്കായി മറ്റൊ ചിലവു വരുന്നുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. പ cooks ഒരു വാർഡൻ എന്നിവരെ ഹോസ്റ്റൽ നടത്തിക്കൊണ്ടുപോകുന്നതിനു് നിയമിച്ചിട്ടുണ്ടു്. ഇതു വലിയ ഒരു ചിലവാണെന്നു് ഗവണ്മെണ്ടിനറിയാം. കൊല്ലത്തിന്റെ മദ്ധ്യത്തിലായതുകൊണ്ടു നിത്തുന്നതായാൽ വിദ്യാർത്ഥികൾക്കു കുറച്ചു അസൌകര്യം വരുന്നതാണെന്നു കരുതി ഈ കൊല്ലാവസാനം വരെ തുടർന്നു കൊണ്ടുപോകണമെന്നാണു് ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ഇവരെ വേറെ ഹോസ്റ്റലിൽ ചേക്കുകയാണെങ്കിൽ ഇത്രയും ചിലവു വരുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇത്രയും ചിലവു വരുകയില്ല.

മിസ്റ്റർ പി. കെ. ഡീവർ: എന്നാൽ അതിനെപ്പറ്റി ആലോചിച്ചുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവരെ Y. W. C. A. ഹോസ്റ്റലിൽ ചേക്കണമെന്നാണ് ഉദ്ദേശിച്ചതു്. പക്ഷെ കൊല്ലത്തിന്റെ മദ്ധ്യത്തിലായതുകൊണ്ടു് അങ്ങിനെ മാറിക്കഴിഞ്ഞാൽ വിദ്യാർത്ഥികൾക്കു് അസൌകര്യം നേരിടും എന്ന കരുതിയതുകൊണ്ടു പോരികയാണു്.

HYDRO-ELECTRIC SCHEME—INFORMATION REGARDING

125. (260) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നു് സദയം മറുപടി പറയുമോ.—

(എ) "എലക്ട്രിക്കു് വകുപ്പിലെ കംഭ കോണങ്ങൾ" എന്ന തലക്കെട്ടിൽ ഫ്രണ്ടിയർ കന്നി ഡിസംബറിലെ "എക്സ്പ്രസ്സിൽ" പ്രസിദ്ധീകരിച്ചുകാണുന്ന ലേഖനത്തിൽ ഗവണ്മെണ്ടിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോ;

(ബി) പെരിങ്ങൽക്കുത്തു ഹൈഡ്രോ എലക്ട്രിക്കു് സ്കീമിന്റെ പണി മുഴമിക്കാൻ ഇനിയും എത്ര കൊല്ലം വേണ്ടിവരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്;

(സി) ഈ പദ്ധതിപ്രകാരം കൊല്ലത്തിൽ എത്ര കിലോവാട്സ് കറന്റു കിട്ടുമെന്നാണു് ഗവണ്മെണ്ടു് പ്രതീക്ഷിക്കുന്നതു്;

(ഡി) വെള്ളക്കുറവുള്ള മാസങ്ങളിൽ ടി പദ്ധതികൊണ്ടു് ഉദ്ദേശിക്കുന്ന കറന്റു കിട്ടുവാൻ സാദ്ധ്യതയില്ലെന്നുള്ള വിദഗ്ദ്ധാഭിപ്രായമനുസരിച്ചു് ആ മാസങ്ങളിൽ ൪൦,൦൦൦ കിലോവാട്സ് കറൻറുകൂടി ഉല്പാദിപ്പിക്കാവുന്ന ഒരു സ്റ്റീംസ്റ്റേഷൻ പണിയുന്നതു് ആവശ്യമാണെന്നു ഗവണ്മെണ്ടിനു തോന്നുന്നുണ്ടോ;

(ഇ) ൫,൦൦൦ കിലോ വാട്സ് കറന്റു ഉല്പാദിപ്പിക്കാനുള്ള കഴിവോടുകൂടിയ ഒരു സ്റ്റീംസ്റ്റേഷനുള്ള പദ്ധതി ഗവണ്മെണ്ടിലേക്കു് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവോ;

(എഫ്) ഉണ്ടെങ്കിൽ എന്നാണു് അതു സമർപ്പിച്ചതു്;

(ജി) ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രസ്തുത പദ്ധതി സ്വീകരിക്കേണ്ടതാണെന്നു വ്യവസായോപദേശകസമിതി ശുപാർശ ചെയ്തിട്ടുണ്ടോ;

(എച്ച്) ഇതിനെക്കുറിച്ചു് ഗവണ്മെണ്ടു വല്ല ആലോചനകളും നടത്തിയിട്ടുണ്ടോ;

(ഐ) ആലോചനക്കുശേഷം ഈ സ്റ്റീംസ്റ്റേഷനുള്ള പദ്ധതി ഗവണ്മെണ്ടു വേണ്ടെന്നു വെക്കുകയാണോ ചെയ്തതു്?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഉവ്വു്.

(ബി) ൧൯൫൫ മദ്ധ്യത്തോടുകൂടി പെരിങ്ങൽക്കുത്തു പദ്ധതിയുടെ ഒന്നാമത്തെ ഘട്ടം തീരുമെന്നു് ഉദ്ദേശിക്കുന്നു.

(സി) പദ്ധതിയുടെ ഒന്നാമത്തെ ഘട്ടം പൂർത്തിയായാൽ ൧൩,൦൦൦ K. W. (൨,൦൦൦ K. W. standby) എലക്ട്രിസിറ്റിയും പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും പൂർത്തിയായാൽ ൧,൦൦,൦൦൦ K. W. (അല്ലെങ്കിൽ ൫,൦൦,൦൦൦ K. W. ൪൦ ശതമാനം load factor പ്രകാരം) എലക്ട്രിസിറ്റിയും ഉണ്ടാകുമെന്നാണു് കണക്കാക്കിയിട്ടുള്ളതു്.

(ഡി) ഇല്ല.

(ഇ & എഫ്) ൧൯൪൭ മേയ്മാസത്തിൽ ഒന്നോ രണ്ടോ ൫,൪൦൦ K. W. Turbo Alternator sets വാങ്ങുവാൻ ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെടുകയുണ്ടായി.

(ജി) ൧൯൪൭ ജനുവരിയിൽ ൪,൦൦൦ K. W. ശക്തിയുള്ള ഒരു സ്റ്റീംസ്റ്റേഷൻ ഗവണ്മെണ്ടു സ്ഥാപിക്കേണ്ടതാണു് എന്ന Industrial Advisory Board ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി.

(എച്ച്) ഉവ്വു്.

(ഐ) അതെ.

Mr. C. V. Iyyu (*Kunnamkulam*): Question No. 136 also is on the same subject.

Mr. President: Question No. 136 is different. It relates to the amount lost.

Mr. P. K. Dewer (*Labour*): They are different questions, Sir.

Mr. President: Yes. They have to be answered as different questions.

മിസ്റ്റർ വി. കെ. ജോസഫ്: വെള്ളക്കുറവുള്ള മാസങ്ങളിൽ ടി പദ്ധതികൊണ്ടു് ഉദ്ദേശിക്കുന്ന Current കിട്ടുവാൻ സാദ്ധ്യതയില്ലെന്നുള്ള വിദഗ്ദ്ധാഭിപ്രായം അനുസരിച്ചു്

LIBRARY ARCHIVES Kerala Legislative Assembly